**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3185** **19/06/2018-ൽ മറുപടിയ്ക്ക്**

**പൊതുശ്മശാനങ്ങൾ**

| | ചോദ്യം<br>ശ്രീ.ബി.സത്യൻ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എത്ര പൊതുശ്മശാനങ്ങൾ നിലവിലുണ്ട്; | (എ) | ഗ്രാമപഞ്ചായത്തുകളിൽ 582 ഉം നഗരസഭകളിൽ 87 ഉം ചേർത്ത് സംസ്ഥാനത്ത് ആകെ 669 പോതുശ്മശാനങ്ങൾ നിലവിലുണ്ട്. |
| (ബി) | ആധുനിക രീതിയിലുള്ള വൈദ്യുത, ഗ്യാസ് ശ്മശാനങ്ങൾ എത്രയെണ്ണമുണ്ട്; വിശദമാക്കുമോ; | (ബി) | **ഗ്രാമപഞ്ചായത്തുകൾ**<br>വാതക ശ്മശാനങ്ങൾ 57<br>വൈദ്യുത ശ്മശാനങ്ങൾ 7<br>------<br>**ആകെ** 64<br><br>**നഗരസഭകൾ**<br>വാതക ശ്മശാനങ്ങൾ - 34<br>വൈദ്യുത ശ്മശാനങ്ങൾ - 3<br>------<br>**ആകെ** 37 |
| (സി) | എത്ര ചുറ്റളവിൽ ആധുനീകൃത ശ്മശാനങ്ങൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഈ സൗകര്യം ലഭ്യമല്ലാതെ കുടുംബങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | എത്ര ചുറ്റളവിൽ ആധുനീകൃത ശ്മശാനങ്ങൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഈ സൗകര്യം ലഭ്യമല്ലാതെ കുടുംബങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുശ്മശാനം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പ് ഉണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് പ്രധാന വെല്ലുവിളിയാണ്. ആയതിനാൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും വേണ്ടി സ്ഥലം ലഭ്യമാകുന്ന ഗ്രാമപഞ്ചായത്തിൽ ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രോത്സാഹനം നല്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**